**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ അഭിലാഷ് അശോകൻ, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. എ1- 15961/2021/ജിമെആ കാസർഗോഡ് തീയതി. 29.11.2021

2. കാരണം കാണിക്കൽ നോട്ടീസ് നം EA4- 17841/2022/ആവഡ തീയതി 04.08.2022

3 . ഡോ അഭിലാഷ് അശോകൻ സമർപ്പിച്ച അപേക്ഷ തീയതി 29.08.2022

4. എ5- 15961/2021/ജിമെആ കാസർഗോഡ് തീയതി 30.07.2024

5.. GE3/A/A-1428/1474 date 20.04.2022

6. എ1- 13858/2021/ജിമെആ ഇടുക്കി തീയതി. 210.10.2021

**<u>ഉത്തരവ് നം. DHS/14387/2025-EA4 തീയതി.17-06-2025</u>**

ഡോ അഭിലാഷ് അശോകൻ (Dr Abhilash Asokan, PEN 503098), 02.02.2013 ന് ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ ആയി സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കാസർഗോഡ് ബദിയടുക്ക സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 07.09.2021 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം

വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (**work and conduct**) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത നോട്ടീസിന് പരാമാശം (3) പ്രകാരം ഡോ അഭിലാഷ് അശോകൻ മറുപടി സമർപ്പിച്ചു. **07.09.2021** മുതൽ നിയന്ത്രണാധീതമായ കാരണങ്ങളാൽ സർവ്വീസിൽ നിന്നും വിട്ടു നിൽക്കേണ്ടി വന്നിട്ടുള്ളതാണെന്നും മനപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും അറിയിച്ചു. വ്യക്തിപരമായ കാരണങ്ങളാൽ ജോലിയിൽ തുടരാൻ സാധിക്കുന്നില്ലെന്നും ജോലിയിൽ നിന്നും ഒഴിവാക്കി ജോലി ചെയ്ത സമയത്തെ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമക്കിയിരുന്നു.

(2) ഡോ അഭിലാഷ് അശോകൻ സമർപ്പിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കാരണം കാണിക്കൽ നോട്ടീസിന് സർവ്വീസിൽ തുടരുന്നതിന് ബുദ്ധിമുട്ടുള്ളതായും ജോലിയിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട സമർപ്പിച്ച അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. **07.09.2021** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ അഭിലാഷ് അശോകൻ അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ അഭിലാഷ് അശോകൻ അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 17-06-2025 04:07:12

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Abhilash Asokan,**

**Thrikkarthika , Pada North,**

**Karunagappally P O, Kollam. PIN- 690518**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കാസർഗോഡ് / ഇടുക്കി.

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

സാമൂഹികാരോഗ്യ കേന്ദ്രം ബദിയടുക്ക, കാസർഗോഡ്.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ